നം.എ3/2378/2018/പ്ര.പ.ക.

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ
തിരുവനന്തപുരം–695001

# വിജ്ഞാപനം

## സ്വാശ്രയമെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്.പ്രവേശനം–2017 –18 ബി.പി.എൽ.സ്കോളർഷിപ്പിനുവേണ്ടി ലഭിച്ച അപേക്ഷകളിൻമേൽ ജില്ലാ കളക്ടർമാരുടെ പരിശോധനാ റിപ്പോർട്ടിലെ വെയ്റ്റേജ് മാർക്ക് പ്രസിദ്ധീകരിച്ചു.(തിരുവനന്തപുരം, മലപ്പുറം ജില്ലകൾ)

06.06.2018 തീയതിയിലെ ജി.ഒ.(എംഎസ്) 107/2018/ആ.കു.വ., 19.07.2018 തീയതിയിലെ ജി.ഒ.(എംഎസ്) 138/2018/ആ.കു.വ, 19.08.2018 തീയതിയിലെ ജി.ഒ.(എംഎസ്) 169/2018/ആ.കു.വ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം 2017–18 അധ്യയന വർഷം മുതൽ സംസ്ഥാനത്തെ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. കോഴ്സിനു പ്രവേശനം നേടിയിട്ടുള്ള ബി.പി.എൽ. വിഭാഗത്തിൽ പ്പെടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിന്റെ രൂപത്തിൽ ഫീസിളവ് നടപ്പിലാക്കുന്നതിനുള്ള പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2017–18 അധ്യയന വർഷം എം.ബി.ബി.എസ് കോഴ്സിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളിൽ നിന്നും സ്കോളർഷിപ്പിനു വേണ്ടിയുള്ള അപേക്ഷകൾ ക്ഷണിച്ചിരുന്നു. അതിൻ പ്രകാരം അപേക്ഷകൾ കോളേജ് പ്രിൻസിപ്പാൾ മുഖാന്തിരം ഈ കാര്യാലയത്തിൽ ലഭിച്ചു. പ്രസ്തുത അപേക്ഷകൾ എല്ലാം തന്നെ സൂക്ഷ്മ പരിശോധനയ്ക്കും അർഹതാ പരിശോധനയ്ക്കുമായി അതാത് ജില്ലാ കളക്ടർമാർക്ക് അയച്ചും നൽകിയിരുന്നു. ജില്ലാ കളക്ടർമാരിൽ നിന്നും നിലവിൽ ലഭിച്ച അപേക്ഷകളിന്മേലുള്ള പരിശോധന റിപ്പോർട്ടുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വെയിറ്റേജ് മാർക്ക് വിവരങ്ങൾ അടങ്ങിയ പട്ടിക പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. തുടർന്ന് മലപ്പുറം, തിരുവനന്തപുരം ജില്ലാ കളക്ടറേറ്റിൽ നിന്നും ലഭിച്ച ചുവടെപറയുന്ന വിദ്യാർത്ഥികളുടെ പുന:പരിശോധന റിപ്പോർട്ട് പ്രകാരമുള്ള വെയിറ്റേജ് മാർക്ക് **www.cee.kerala.gov.in** – ൽ പ്രസിദ്ധീകരിയ്ക്കുന്നു. **[മേൽ പറഞ്ഞിരിക്കുന്ന സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ജില്ലാകളക്ടർ നൽകിയ റിപ്പോർട്ട് പ്രകാരം മുപ്പതോ അതിൽ കൂടുതലോ വെയിറ്റേജ് മാർക്ക് ലഭ്യമായ വിദ്യാർത്ഥികൾക്ക് മാത്രമാണ് ബി.പി.എൽ സ്കോളർഷിപ്പിന് അർഹതയുള്ളത്, (സ്വന്തമായി ഒരേക്കറിനുമേൽ ഭൂമിയുള്ളവർ (പട്ടികവർഗ്ഗക്കാർ ഒഴികെ), സ്വന്തമായി 1000 ച.അടി ക്കുമേൽ വിസ്തീർണ്ണമുള്ള വീടോ, ഫ്ളാറ്റോ ഉള്ളവർ, നാല് ചക്രവാഹനം സ്വന്തമായി ഉള്ളവർ (ഏക ഉപജീവനമാർഗമായ ടാക്സി ഒഴികെ), കുടുംബത്തിൽ ആർക്കെങ്കിലും വിദേശ ജോലിയിൽ നിന്നോ, സ്വകാര്യ സ്ഥാപന ജോലിയിൽ നിന്നോ 25000/- രൂപയിൽ അധികം പ്രതിമാസ വരുമാനമുള്ളവർ എന്നിവർ ഒഴികെ)]**. പ്രസിദ്ധീകരിച്ചിരിക്കുന്ന വെയിറ്റേജ് മാർക്ക് സംബന്ധിച്ച് ആക്ഷേപം ഉള്ള പക്ഷം ആവശ്യമായ തെളിവുകൾ സഹിതം **2021 ജൂലൈ 17 വൈകുന്നേരം 5 മണിക്ക്** മുമ്പായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ പരാതി തപാൽ മുഖേന നൽകാവുന്നതാണ്.

## Thiruvanathapuram

| Sl.No | Roll No | Name | Collge | Old Weightage Mark | Weightage Mark out of 100 |
|---|---|---|---|---|---|
| 1 | 111412 | Sneha.J | Dr.SMCSI Medical College, Thiruvananthapuram | 20 | 35 |
| Malappuram | | | | | |
| 2 | 220577 | Shaheer.M | DMWIMS Medical College, Wayanad | 26 | 32 |

പ്രവേശന പരീക്ഷാ കമ്മീഷണർ

തിരുവനന്തപുരം
08.07.2021

# Thiruvanathapuram

| Sl.No | Roll No | Name | Collge | Old Weightage Mark | Weightage Mark out of 100 |
|---|---|---|---|---|---|
| 1 | 111412 | Sneha.J | Dr.SMCSI Medical College, Thiruvananthapuram | 20 | 35 |
| Malappuram | | | | | |
| 2 | 220577 | Shaheer.M | DMWIMS Medical College, Wayanad | 26 | 32 |